**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1941** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ലോക തൊഴിൽ കമ്പോളത്തിലെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ ലഭിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനായുള്ള നോളജ് ഇക്കോണമി മിഷൻ പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ കൗൺസിൽ സമർപ്പിച്ച രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ മുഖ്യ നിർവ്വഹണ ഏജൻസിയായി കേരള ഡെവലപ്മെന്റ് ആൻറ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബൃഹദ് പരിപാടിക്ക് നേതൃത്വം നൽകാവുന്ന തരത്തിൽ കെ-ഡിസ്ക് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെ-ഡിസ്കിന്റെ ഭരണസംവിധാനം പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | നോളജ് ഇക്കോണമി മിഷൻ യാഥാർത്ഥ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനുമായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതിയിൽ നിന്നും പാവപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കാൻ വിജ്ഞാന വിടവൊഴിവാക്കാൻ പ്രത്യേകം പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (സി) | കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണികൾക്കും അനുസൃതമായി വിജ്ഞാന തൊഴിലുകളിൽ ഏർപ്പെടുത്തുന്നതിനായി ലോകത്തെമ്പാടുമുള്ള നവലോക തൊഴിൽ അവസരങ്ങൾ കണ്ടെത്തി അവ പ്രാപ്തമാക്കാൻ ആവശ്യമായ പരിശീലനം നൽകി, തൊഴിൽ നൽകുക എന്നതാണ് നോളജ് ഇക്കണോമി മിഷൻ പദ്ധതി വഴി ലക്ഷ്യമിടുന്നത്. ഇതിന് കഴിയുന്ന രീതിയിൽ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരാനും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓരോരുത്തരുടെയും കഴിവും നൈപുണിയും കണ്ടെത്തി അവർക്കനുയോജ്യമായ, വരുമാന ദായകമായ, സർക്കാരിതര തൊഴിലുകളിൽ എത്തിക്കുന്നതിനും ആവശ്യമായ പരിശീലനവും സഹായവും നൽകാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്നൊരു ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ട്. കേരളത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്തുന്ന വിധത്തിൽ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽശേഷിയെയും നമ്മുടെ വിദ്യാഭ്യാസ മേഖലയെയും നവലോക തൊഴിലുകളിലേയ്ക്ക് പ്രാപ്തരാക്കാൻ സ്വദേശത്തും വിദേശത്തുമുള്ള വിവിധ ഏജൻസികളും വ്യവസായ സമൂഹവുമായി ചേർന്നുകൊണ്ടുള്ള ഒരു പ്രവർത്തന പരിപാടിക്കാണ് നോളജ് ഇക്കണോമി മിഷൻ ലക്ഷ്യമിടുന്നത്. കുടുംബശ്രീ, അസാപ്, KASE (Kerala Academy for Skills Excellence), ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, ICTAK (Information and Communication Technology Academy of Kerala), സ്റ്റാർട്ട് അപ് മിഷൻ തുടങ്ങിയ സർക്കാർ - സർക്കാരിതര ഏജൻസികളുമായി ചേർന്ന്, വരുന്ന അഞ്ച് വർഷത്തിനകം 20 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കൃഷി, മൃഗസംരക്ഷണം, ഡയറി, MSME (Micro, Small & Medium Enterprises), വ്യവസായം തുടങ്ങിയവയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളായി ബന്ധിപ്പിച്ചും പ്രാദേശിക തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും നോളജ് ഇക്കോണമി മിഷൻ ലക്ഷ്യമിടുന്നു. സമൂഹത്തിലെ സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവർക്കും ദുർബല ജനവിഭാഗങ്ങൾക്കും തൊഴിൽ നൈപുണികൾ ആർജ്ജിക്കാനും പരിശീലനം നടത്തുന്നതിനുമായി സ്കോളർഷിപ്പുകളും ഇൻസെന്റീവുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പരിശീലനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് പലിശ രഹിത വായ്പയുള്ള സംവിധാനവും പദ്ധതിരേഖയിൽ വിഭാവനം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ